# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3281 11.12.2014 ലെ മറുപടിയ്ക്ക്

**കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ 2ാം ഘട്ട പ്രവർത്തികൾ**

| ചോദ്യം<br>ശ്രീ.സി.കെ.സദാശിവൻ | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കായംകുളം മണ്ഡലത്തിൽ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിൽ 2ാം ഘട്ട പ്രവർത്തികൾ (കൃത്രിമ തടാകം) ഭരണാനുമതി ലഭിച്ചിട്ട് മാസങ്ങൾ ആയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ 2ാം ഘട്ട പ്രവർത്തികൾക്കായി 17.07.2013 ൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ നിരാകരിക്കുകയും 05.08. 2013-ൽ വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 19.8% കൂടിയ റേറ്റിൽ ലഭിച്ച കെ.എസ്.സി.സി.യുടെ ഒറ്റ ടെണ്ടർ അംഗീ-കരിച്ചുവെങ്കിലും ഫേം പിരീഡ് കഴിഞ്ഞതിനാൽ കെ. എസ്. സി. സി. ആയതിൽ നിന്നും പിൻമാറി. പിന്നീട് 17.02.2014 ൽ ക്വട്ടേഷനുകൾ ക്ഷണിച്ചതു പ്രകാരം ലഭ്യമായ 2 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജെ. അബ്ദുൾ വാഹീദിന്റെ ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 33.786% കൂടിയ നിരക്ക് അംഗീകരിച്ചുകൊണ്ട് 08.08.2014 ൽ ഉത്തരവ് നൽകിയെങ്കിലും, ഫേം പിരീഡ് കഴിഞ്ഞതിനാൽ ആയതു ദീർഘിപ്പി-ക്കുവാനായി കോൺട്രാക്ടർക്ക് 11.09.2014, 30.09.2014, 04.12.2014 എന്നീ തീയതികളിൽ തിരുവനന്തപുരം ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്തു നൽകിയിരുന്നുവെങ്കിലും കോൺട്രാക്ടർ പ്രതികരിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ